പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3349 — 09.04.2013 ൽ മറുപടിയ്ക്ക്

## സംസ്ഥാന അവാർഡ് നിധി

ചോദ്യം

ശ്രീ.ഷാഫി പറമ്പിൽ
ശ്രീ.വർക്കല കഹാർ
ശ്രീ.ജോസഫ് വാഴക്കൻ
ശ്രീ.സണ്ണി ജോസഫ്

ഉത്തരം

ശ്രീ. പി.കെ. അബ്ദു റബ്ബ്
(ഉന്നത. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർവ്വകലാശാലകൾക്കായി സംസ്ഥാന അവാർഡു നിധി ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) (ബി) (സി) & (ഡി) | സംസ്ഥാനത്തെ സർവ്വകലാശാലകളെ രാജ്യത്തെ മികച്ച സർവ്വകലാശാലകളുടെ ഗുണനിലവാരം ആർജ്ജിക്കുവാനും അതുവഴി സംസ്ഥാനത്തെ വിദ്യാഭ്യാസ ഗുണനിലവാരം ഗണ്യമായി മെച്ചപ്പെടുത്തുവാനും ആവിഷ്കരിച്ച പദ്ധതിയാണ് സർവ്വകലാശാലകൾക്കുള്ള ആവാർഡ് നിധി. മികച്ച സർവ്വകലാശാലകളെ പ്രോത്സാഹിപ്പിക്കുന്നതിനായി യു.ജി.സി ആവിഷ്കരിച്ച "യൂണിവേഴ്സിറ്റീസ് വിത്ത് പൊട്ടൻഷ്യൽ ഫോർ എക്സലൻസ് " എന്ന ആവാർഡിന് സംസ്ഥാനത്തെ ഒരു സർവ്വകലാശാലയും അർഹമായിട്ടില്ല. 12 -ാം പഞ്ചവൽസര പദ്ധതികാലത്ത് ഈ അവാർഡിന് അർഹമാകുന്ന വിധത്തിൽ സർവ്വകലാശാലകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം. ഒരു വർഷം ഒരു സർവ്വകലാശാലയ്ക്ക് പരമാവധി 10 കോടി രൂപ നൽകാനാണുദ്ദേശിക്കുന്നത്. 2012-13 വർഷത്തിൽ പദ്ധതിക്കായി ആകെ 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 10.77 കോടി രൂപ ഒറ്റത്തവണ കേന്ദ്ര സഹായമായാണ് നൽകുന്നത്. 2012-13 വർഷത്തിൽ അനുവദിച്ച 20 കോടി രൂപ സർവ്വകലാശാലകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുന്നതിന് നൽകിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം. | | |
| (സി) | നിധിയിലേക്കുള്ള ധനസമാഹരണം എങ്ങനെ നടത്താനാണ് ഉദ്ദേശിക്കുന്നത്; | | |
| (ഡി) | സർവ്വകലാശാലകൾക്ക് എന്തെല്ലാം സഹായങ്ങളാണ് നിധിയിൽ നിന്നും നൽകുന്നതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ